# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 19 — 01-12-2014- ൽ മറുപടിക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ്:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. പി.എ.മാധവൻ :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. റോഡ്-റെയിൽ മാർഗ്ഗങ്ങളിൽ കൂടിയുള്ള ചരക്കു നീക്കം കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചരക്കുഗതാഗതത്തിന്റെ 15% 2015-ഓടുകൂടിയും, 40% 2020 ഓടുകൂടിയും, 50% 2030 - ഓടുകൂടിയും തീരദേശ കപ്പൽ ഗതാഗതം വഴി നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതി 09-11-2013-ൽ കൊല്ലം തുറമുഖത്ത് വച്ച് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിനോടകം കൊല്ലം തുറമുഖത്തെ പുനർജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിൽ കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേക്കും വ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | മത്സ്യബന്ധന മേഖലയ്ക്കും തീരദേശ ഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (ബി) | തുടക്കത്തിൽ കണ്ടെയ്നറുകൾ കയറ്റിയ കപ്പലുകൾ, കൊല്ലം വല്ലാർപാടം റൂട്ടിൽ ചരക്ക് കയറ്റിറക്കുമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, മത്സ്യബന്ധന മേഖലയെ കൂടി ഉൾപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (സി) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഒരു യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസെന്റീവിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി (15-01-2015 വരെ) ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | തീരദേശ കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>• എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• തുറമുഖങ്ങളിലെ ചാനലിന്റേയും, ബേസി ന്റേയും ആഴം കൂട്ടുന്നതിനായി 19 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.<br>• കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങിയിട്ടുണ്ട്.<br>• കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്.<br>• കപ്പലിൽ നിന്നും കണ്ടെയ്നർ ഇറക്കുന്നതിന് കണ്ടെയ്നർ ഹാൻഡ് ലിംഗ് ക്രെയിൻ 12 കോടി രൂപ ചെലവാക്കി കൊല്ലത്ത് സ്ഥാപിച്ചിട്ടുണ്ട്. |

- വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ക്രെയിനും റീച്ച് സ്റ്റാക്കറും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്ന തിനും, വലിച്ച് മാറ്റുന്നതിനുമായി 600 എച്ച്.പി. ശേഷിയുള്ള ബൊള്ളാർഡ് പുൾ ടഗ്ഗ് കൊല്ലം പോർട്ടിൽ കമ്മീഷൻ ചെയ്തി ട്ടുണ്ട്.
- 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്.
- സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചി ട്ടുണ്ട്.
- കൊല്ലത്തും കൊടുങ്ങല്ലൂരും രണ്ട് വീതവും, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ ഒന്നു വീതവും ഗോഡൗണുകൾ നബാർഡ് സഹായ ത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- മത്സ്യ മാംസാദികൾ, പച്ചക്കറികൾ, തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാടു കൂടാതെ സൂക്ഷിക്കുന്നതി നായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാന ത്തോടുകൂടിയ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ